LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, ബഹുമാനപ്പെട്ട ഡൊമിനിക് പ്രസന്റേഷന്റെ പ്രസന്റേഷൻ ഏതായാലും നന്നായി. ലാറ്റിൻ ഭാഷ ഉപയോഗിച്ച് അദ്ദേഹം എന്നോട് ആവശ്യപ്പെട്ടത് നന്നായി. ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ജർമ്മൻ, സിറിയക്, ഫ്രഞ്ച്, ലാറ്റിൻ, റഷ്യൻ എന്നീ ഭാഷാദ്ധ്യാപക തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതയെപ്പറ്റി അദ്ദേഹം പറഞ്ഞു. ബി.എഡ്. ബിരുദം നേടിയവരുടെ അഭാവത്തിൽ സെറ്റ് പരീക്ഷ വിജയിച്ച 50 ശതമാനത്തിൽ കുറയാത്ത മാർക്കോടുകൂടി ബിരുദാനന്തര ബിരുദം നേടിയവരെ പരിഗണിക്കും. പി.എച്ച്.ഡി., എം.ഫിൽ. എന്നിവയിൽ ഏതെങ്കിലും നേടിയവർക്ക് മുൻഗണന നൽകുന്നതായിരിക്കും. അങ്ങനെയുള്ളവർ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ്. നേടേണ്ടതാണ്. ഏതായാലും ലാറ്റിൻ ഭാഷയിൽ ഈ വിദ്യാഭ്യാസയോഗ്യത നേടിയവർ ആരുമില്ലെന്നാണ് 8-7-2004-ൽ അഖില കേരള ലാറ്റിൻ കത്തോലിക്ക ഐക്യവേദി സമർപ്പിച്ച റിപ്പോർട്ടിൽ കാണിച്ചിട്ടുള്ളത്. ഹയർ സെക്കൻഡറി അദ്ധ്യാപക തസ്തികയ്ക്കുള്ള വിദ്യാഭ്യാസ യോഗ്യത നിശ്ചയിക്കുന്നത് ബന്ധപ്പെട്ട കരിക്കുലം കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ്. സ്പെഷ്യൽ റൂൾസ് വിജ്ഞാപനം ചെയ്യുന്നതിനുമുമ്പ് തന്നെ അതിന് പി.എസ്.സി.-യുടെ അംഗീകാരം വാങ്ങിയിരിക്കണം. ഈ നടപടികളെല്ലാം പൂർത്തിയായി. ഏതായാലും ലാറ്റിൽ ഭാഷയിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് സ്പെഷ്യൽ റൂൾസ് പ്രകാരം നിശ്ചയിക്കപ്പെട്ട യോഗ്യതകൾ നേടിയിട്ടുള്ളവരുടെ അഭാവത്തിൽ ഇക്കാര്യം കരിക്കുലം കമ്മിറ്റി പി.എസ്.സി.-യുമായി ആലോചിച്ച് യോഗ്യതയിൽ ഇളവ് വരുത്തുന്ന കാര്യം പരിഗണിക്കും. ലാറ്റിൻ, സിറിയക് ഭാഷകൾ അതിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. അതിന് പി.എസ്.സി.-യുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി എടുക്കുന്നതാണ്.

(5) ആലപ്പുഴ ജില്ലാ ആശുപത്രിയിലെ ശിശുരോഗ വിഭാഗം നിർത്തലാക്കൽ

ശ്രീ. കെ. സി. വേണുഗോപാൽ: സർ, ആലപ്പുഴ ജില്ലാ ആശുപത്രി തീരദേശത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏക ആശ്രയ കേന്ദ്രമാണ്. വർഷങ്ങളായി അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശിശുരോഗ വിഭാഗം, ഒരു പ്രത്യേക ഉത്തരവിന്റെ വെളിച്ചത്തിൽ കഴിഞ്ഞ ഒരു വർഷക്കാലത്തോളമായി അവിടത്തെ തസ്തികകളെല്ലാം റദ്ദാക്കിയിരിക്കുകയാണ്. ഇതുമൂലം ശിശുരോഗ വിഭാഗം നിറുത്തലാക്കുമെന്ന ആശങ്ക വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. നിരവധി സംഘടനകൾ സമരവുമായി രംഗത്ത് വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതറിയാവുന്നതാണ്. അദ്ദേഹം അതിൽ ഇടപെട്ടിട്ടുണ്ട്. ശിശുരോഗവിഭാഗം നിറുത്തലാക്കുന്ന നടപടി അവസാനിപ്പിച്ച് ഇത് നിലനിറുത്താനാവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ആരോഗ്യ വകുപ്പിൽ 100 കിടക്കകളോ അതിൽക്കൂടുതലോ അനുവദിച്ചിട്ടുള്ള ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി സിസ്റ്റം നടപ്പിലാക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള 28-5-2002-ലെ സർക്കാർ ഉത്തരവിൽ ആലപ്പുഴ ജില്ലാ ആശുപത്രിയിൽ ശിശുരോഗ വിഭാഗത്തിന്റെ യൂണിറ്റ് അനുവദിച്ചിട്ടില്ല. എന്നാൽ

ആലപ്പുഴ ജില്ലാ ആശുപത്രിയുടെ തൊട്ടടുത്ത കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലെ ശിശുരോഗ വിഭാഗം യൂണിറ്റിൽ ഒരു സീനിയർ സ്പെഷ്യലിസ്റ്റിന്റേയും ഒരു ജൂനിയർ സ്പെഷ്യലിസ്റ്റിന്റേയും തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഈ രണ്ട് ആശുപത്രികളിലും ശിശുരോഗ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. 28-5-2002-ലെ ഉത്തരവിൽ ശിശുരോഗ യൂണിറ്റ് അനുവദിച്ചിട്ടില്ലെങ്കിലും ആലപ്പുഴ ജില്ലാ ആശുപത്രിയിൽ 100-ൽ കൂടുതൽ കിടക്കകളുള്ളതിനാലും, നിലവിൽ മേൽപ്പടി ശിശുരോഗ വിഭാഗം പ്രവർത്തിച്ചു വരുന്നതിനാലും നിലവിലുള്ള സംവിധാനം നിറുത്താൻ ഉദ്ദേശിക്കുന്നില്ല. ഏതെങ്കിലും കാരണവശാൽ അത് അവിടെ നിന്നും മാറ്റിയിട്ടുണ്ടെങ്കിൽ പുനഃസ്ഥാപിക്കുന്നതാണ്.

(6) സുപ്രീംകോടതി തീരുമാനം വരുന്നതുവരെ നാടാർ എസ്.ഐ.യു.സി. വിഭാഗം ജീവനക്കാരെ പിരിച്ചുവിടരുതെന്ന ആവശ്യം

ശ്രീ. എൻ. ശക്തൻ: സർ നാടാർ എസ്.ഐ.യു.സി. വിഭാഗത്തിന് ദീർഘകാലമായി ലഭിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗ സംവരണം ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച ഒരു കേസ് സുപ്രീം കോടതിയുടെ പരിഗണനയിലുണ്ട്. അതിന്റെ തീരുമാനം വരുന്നതിനുമുമ്പുതന്നെ കഴിഞ്ഞ മൂന്നുനാലു വർഷമായി ജോലിയിൽ പ്രവേശിച്ച ഈ വിഭാഗത്തിൽപ്പെട്ട മുഴുവൻ ആളുകളേയും പിരിച്ചുവിടുന്നതിന് നോട്ടീസ് നൽകിയിരിക്കുന്നു. ദീർഘകാലമായ കാത്തിരിപ്പിനുശേഷമാണ് ഒരു സർക്കാർ ജോലി ലഭിക്കുന്നത്. പി.എസ്.സി.-യുടെ ടെസ്റ്റെഴുതി ഇന്റർവ്യൂ കഴിഞ്ഞ് റാങ്കുലിസ്റ്റിൽ വന്ന് വീണ്ടും കാത്തിരുന്നതിനുശേഷമാണ് ഒരു ജോലി കിട്ടുന്നത്. ജോലിയിൽ പ്രവേശിച്ചിട്ട് മൂന്നും നാലും വർഷമായവരെ ജോലിയിൽനിന്നും പിരിച്ചുവിട്ടാൽ അവർക്ക് വേറെ ജോലിക്ക് അപേക്ഷിക്കുന്നതിനുപോലും കഴിയില്ല. അവർക്ക് ഏജ് ഓവറായിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ ഇന്ന് ജോലിയിലിരിക്കുന്ന നാടാർ എസ്.ഐ.യു.സി. വിഭാഗത്തിനെ പിരിച്ചുവിടുന്നത് മാറ്റിവച്ചുകൊണ്ട് അവരെ ജോലിയിൽ തുടരാൻ അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി): സർ, പിരിച്ചുവിടൽ ഭീഷണി നേരിടുന്നവരുടെ കാര്യത്തിൽ അവർക്ക് സംരക്ഷണം നൽകാൻ സാദ്ധ്യമായ എല്ലാ നടപടികളും ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്.

V. റിപ്പോർട്ട് സമർപ്പണം

ഔദ്യോഗിക ഭാഷ സംബന്ധിച്ച് സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly